# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2660 20.06.2013 -ലെ മറുപടിക്ക്.**

## ഹയർ സെക്കന്ററി ഫീസ് വർദ്ധന

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ആർ. രാജേഷ്
„ ബി. സത്യൻ
„ കെ. കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**

ശ്രീ. പി. കെ. അബ്ദുറബ്ബ്
(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഏതെല്ലാം ഫീസുകൾ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ;

(എ) 12.12.2012 ൽ വർദ്ധിപ്പിച്ച ഫീസ് നിരക്കുകളിൽ 20.05.2013 ൽ ഇളവ് നൽകുകയുണ്ടായി. നിലവിലുള്ള നിരക്കുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഫീസ് വർദ്ധനവിലൂടെ എത്ര കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ബി) 20 കോടി രൂപ

(സി) എല്ലാ മേഖലയിലും ജീവിതച്ചെലവ് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അടിക്കടിയുണ്ടാകുന്ന ഫീസ് വർദ്ധന രക്ഷിതാക്കൾക്ക് താങ്ങാനാവുന്നതല്ല എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇത്തരം തീരുമാനങ്ങൾ നിർദ്ധനരായ വിദ്യാർത്ഥികളുടെ ഉപരിപഠന സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഫീസ് വർദ്ധന പിൻവലിക്കാൻ തയ്യാറാകുമോ?

(സി) & (ഡി) രക്ഷിതാക്കൾക്ക് താങ്ങാവുന്ന നിരക്കിലുള്ള ഫീസ് വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ആയതിനാൽ ഇപ്പോൾ നിലനിൽക്കുന്ന ഫീസ് വർദ്ധന പിൻവലിക്കേണ്ട സാഹചര്യമില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**